"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പിൽ 'കോവിഡ് -19 സെൽ' രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.686/2020/LSGD തീയതി,തിരുവനന്തപുരം, 20/03/2020

---

പരാമർശം:- 1 01.02.2020-ലെ ഡി.സി.1/71/2020/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2 14.03.2020-ലെ സ.ഉ(സാധാ) നം.620/2020/ത.സ്വ.ഭ.വ.ഉത്തരവ്

3 16.03.2020-ലെ സ.ഉ.(സാധാ.) നം.580/2020/ആ.ക.വ. ഉത്തരവ്

**ഉത്തരവ്**

ലോകാരോഗ്യസംഘടന കോവിഡ്-19-നെ മഹാമാരിയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകൾ കോവിഡ് സെൽ രൂപീകരിക്കുന്നതിനും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണവകുപ്പിന് പ്രധാന പങ്ക് വഹിക്കാനുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടെയും, മിഷനുകളുടെയും മേധാവികൾ അംഗങ്ങളായും താഴെ പറയും പ്രകാരം കോവിഡ്-19 സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അധ്യക്ഷ : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ഉപാധ്യക്ഷൻ : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ)

അംഗങ്ങൾ :

1) ഗ്രാമ വികസന കമ്മീഷണർ
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
5) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
6) മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
7) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8) ചീഫ് ടൗൺപ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
9) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10) ഡയറക്ടർ ജനറൽ, കില
11) മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി

കോവിഡ്-19 സെൽ താഴെ പറയുന്ന പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്

- കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യ വകുപ്പ് തുടക്കം കുറിച്ച "ബ്രേക്ക് ദി ചെയിൻ" എന്ന പ്രചാരണ പരിപാടി ഏറ്റെടുത്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .
- സെൽ അംഗങ്ങൾ അവരവരുടെ വകുപ്പുകളിൽ/മിഷനുകളിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുകയും താഴെ തട്ടിൽ ഏറ്റെടുക്കാൻ പറ്റുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കുലറുകൾ പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്.
- കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യ വകുപ്പ് പുറത്തിറക്കുന്ന (http://dhs.kerala.gov.in-ൽ ലഭ്യമാകുന്ന) നിർദ്ദേശങ്ങളടങ്ങിയ വിവര വിജ്ഞാന വ്യാപനം വകുപ്പ്/മിഷൻ തലത്തിൽ നടത്തേണ്ടതാണ്. ഓരോ വകുപ്പ്/മിഷൻ മേധാവികളും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്.
- ജില്ലാ തലത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ മൊത്തം ചുമതല ജില്ലാ കളക്ടർമാർക്കായിരിക്കും. ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി വേണം പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടത്.
- കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പുതല ഏകോപനത്തിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ കോവിഡ്-19 സെല്ലിൽ അറിയിക്കേണ്ടതാണ്.
- പ്രവർത്തനങ്ങളെ സംബന്ധിച്ച ദൈനംദിന വിവരങ്ങളുടെ റിപ്പോർട്ട്, ചീഫ് സെക്രട്ടറിക്കും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും നൽകേണ്ടതാണ്. ആയതിന്റെ ഒരു കോപ്പി കോവിഡ്-19 കൺട്രോൾ ബോർഡിന് keralasecretariatcoordination@gmail.com എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺപ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാകളക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.03.20 12:37:57 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്